[Sri. T. K. Narayana Pillai]

ച്ച് ശ്രീമൂലം പോപ്പുലർ അസ്സംബ്ലിയിലും നിയമസഭയിലും പല നിവേദനങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. നോൺ ഇൻഡിജിനസ് ഫിഷിംഗിനെ പ്രോത്സാഹിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഫോർഷോർ ഭേദപ്പെടുത്തിയ നിയമത്തിൽ ഈ വകുപ്പു ചേർത്തിട്ടുള്ളത്. ആ സ്ഥിതിഗതികൾതന്നെയാണ് ഇന്നും നിലവിൽ ഇരിക്കുന്നത്. ഈ മാതിരിയുള്ള അവകാശങ്ങളെ ഭർവി നിയോഗം ചെയ്യാതിരിക്കുവാൻ വേണ്ടി ഉണ്ടാക്കുന്നതിനു ഗവൺമെണ്ടിനവകാശമുണ്ട്. ഇതിൽ മത്സ്യത്തൊഴിലാളികൾമാത്രമേ അംഗങ്ങളായിരിക്കുവാൻ പാടുള്ളൂ എന്നു ശ്രീമാൻ റൊഡ്രിഗ്സിന്റെ ഭേദഗതി സ്വീകരിച്ചാൽ ഈ എല്ലാ ഉദ്ദേശത്തോടുകൂടി ഫോർഷോർ കൊണ്ടുവന്നതാണോ ആ ഉദ്ദേശംതന്നെ തീരെ പരാജയപ്പെട്ടുപോകുന്നതാണ്. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that Clause 19 stand part of the Bill was put and carried.

The Clause was added to the Bill.

Clauses 20 to 24

The question that Clauses 20 to 24 stand part of the Bill was put and carried.

The Clauses were added to the Bill.

Clause 1

The question that Clause 1 with the (Title) stand part of the Bill was put and carried.

The Clause was added to the Bill.

Preamble

The question that the Preamble stand part of the Bill was put and carried.

The Preamble was added to the Bill.

Sri. T. K. Narayana Pillai: Sir, I move that the Bill be passed.

Sri. A. J. John: I second the motion.

The motion was put and carried.

The Bill was passed.

Mr. Speaker: As the business set down for the day has terminated, we shal take up the discussion of the adjournment motion.

ADJOURNMENT MOTION REGARDING CONTROL PRICE OF RUBEER

Sri. P. Balakrishnan Tampi: I beg to move,—

That the business of the Assembly be adjourned for discussing a definite matter of urgent public importance, namely, the threat of immediate unemployment of thousands of workers in the Rubber Estates consequent on the reported resolve of the major rubber planters in the State to give up their plantations as the controlled price of rubber is not any longer economic.

In moving this resolution, Sir, I wish to confess to the feeling that if I take the time of this House by a lengthy speech that would be the greatest disservice I can do to this House. I am only thanking you and the House for the very helpful attitude in regard to this matter, Judging from the number of helpful questions and answers which we had this morning in this House. Therefore, I do not wish to

LIBRARY ARCHIVES Kerala Legislative Assembly

preach to the converted. There are occasions when, and espicially in times of calamity, we all know that a speech is not necessary. Yet oral expression of it to a certain extent would alleviate the misery. And that is my only excuse and justification for venturing to speak a few words on the matter in which there is wonderful unanimity of opinion on the floor of this House.

Sir, it is reported that the planters are finding that they cannot any longer afford to maintain the plantations. That would be a calamity indeed for, say, about a hundred thousand workers who are today engaged in this industry. Even under the Tripartite Agreement in Delhi regarding Trade Unions and companies, these could not be given anything more than two annas whereas tea workers were given four annas as dearness allowance because this industry, they found, could not afford to give anything more than two annas as dearness allowance. Now not only dearness allowance but the means of subsistence is cut out. It is not out of any private malice that they are going to close these plantions. Goldsmith speaks about a dog which out of private malice went mad and bit a man. No such feeling has actuated the planters who have sunk many crores of rupees on these plantations because rubber is a commodity—a strategic commodity—which they in India produce only 1 percent of the total world production; and about 98 percent of it is produced on this coast. As the Hon'ble Minister for Labour said, we have a virtual monopoly of this commodity, And the Government of India has not bestowed the attention it deserves on this vital question, of enhancing the price of rubber. During the war, the Government of India came to the rescue of the rubber growers when competing world prices made it impossible for the industry to be continued. Then it afforded protection. A price was fixed and the import of rubber was regulated. But now, in 1950, the situation has changed. What was considered a blessing then, has now come as a handicap to us. We are not able to take advantage of the world prices, which range between Rs. 200 and 300, whereas the control price is somewhere near Rs. 97 for the best rubber, going down to Rs. 10 or Rs. 14 for the lower grade rubber.

The whole difficulty unfortunately has come out of Government of India's anxiety and solicitude for protecting the manufacturers' interests. Manufacturers like Dunlop, Firestone and Bata are the people who are benefited by the control imposed on the price consumers here are not benefited. Those who use rubber articles here are not benefited. For instance, tyre prices here are almost double the prices in the United States were rubber sells now at Rs. 300 per 100 lbs. The world price is that. When the world price is that, they can afford to give rubber products for half the price that we get them in India. That means that the manufacturers are taking the whole profit. It is they who are unduly benefited by that. I do not want to repeat on the floor of the House the insinuations, scandals and conjectures that are rampant about it. Possibly the humidity of our climate tends to give undue growth to insinuations and motives. I refuse to believe that some high officials of the Government of India are too much interested in the industry, that some of them or their dear relations would soon find higher jobs in those concerns. That does not take us far. When we deal with a State measure, it is idle to say that this is the result of some secretarial freak. I refuse to believe that. I believe that before the Government of India, in order to set right matters very few have emphasised that aspect of the matter. When the Government of India understands the strength and the unanimity of feeling of this House, I am sure they will set matters right. We must emphasize this one aspect,—if they mean to do anything it must be done soon, because these booms come and go.

If we do not take advantage of this boom in the world prices, we would be lost. Millions of rupees will be lost to India. Millions of rupees would be lost to the

LIBRARY ARCHIVES Kerala Legislative Assembly

[Sri.P. Balakrishnan Tampi]

State revenues. And speaking about boom, Sir, what was considered to be a protection, as I stated earlier, has become a handicap. We want the Government of India only to raise this control. I refuse to believe in the doctrinaire theories regarding inflation. I claim to have studied economics myself. But how a few thousands of rupees coming into India would affect the money market, how it would bring about inflation and other things, to me, a careful student of economics, is as understandable as perhaps metaphysical theories. My point is that we are not going to be any the worse if we put a little more money into the pockets of those who grow rubber here. When they get the proper price for rubber, certainly the workers would be benefited to that extent. If only a sufficient margin of profit over the cost of production is got, they will be able to do anything jsutly by labour.

Sri. V. Gangadharan Nair: What is the guarantee for that?

Sri: P. Balakrishnan Tampi: I very much appreciate the solicitude of my friend for that cause, and I feel almost an interloper in venturing to speak about our countrymen, the labouring classes, whose interests are now supposed to be the close preserve and monopoly of people who are not particularly—I don't want to mar the effect of a unanimous opinion—I wish to continue my speech taking upon myself the sin of an incomplete sentence (Laughter). Therefore, I request that the Government would be pleased to communicate with the Government of India and do whatever they can to improve the lot of the workers by indirectly helping the growers.

Again, Sir, I do not wish to mar the effect of this unanimity by suggesting that there is a feeling in the country that this Government, for no fault of theirs, had been hustled into taking up a certain attitude at the time of the integration in regard to the financial arrangements. Anyway, it is a matter known to all of us that as a result of this integration, we have certainly gained in our stature as Indian nationals; we have got all the benefits of Indian citizenship, just like Pax Brittanica, and today I am the citizen of this large country from Kashmir to Cape Comorin. That is true. But unfortunately, economically and financially; I do not feel the same sort of self-complacency with all our customs revenue becoming a thing of the past, and other sources of income also being curtailed. It is for the Treasury Benches to speak about their miseries. I am only suggesting that if we are only left alone, if we are not unduly taken care of protected, the State finances also would improve to that extent, the etymological meaning of protection is well known to us; but do not protect us, we say, when we are praying that we do not want to be protected. Now, suppose a guardian who wishes to continue to be the guardian, willy nilly continues even after the boy or girl attains majority. It is in some such position that the Government of India is today in regard to this matter. Therefore, our prayer to the Government of India is not to do anything very much positive in the line, but only to withdraw the controls and leave us to compete in the world markets. I again wish that this Government may be pleased to communicate our attitude in the matter—not only of the Government but of this House also—to the Government of India.

ശ്രീ. പൊറിയാൻ ജെ. കാപ്പൻ: ശ്രീമാൻ ബാലകൃഷ്ണൻ തമ്പിയുടെ പ്രമേയത്തെ അനുകൂലിക്കുന്നതിനു് എനിക്കു വളരെ സന്തോഷമുണ്ടു്. എന്നാൽ ശ്രീമാൻ തമ്പി പറഞ്ഞതുപോലെ ഈ സഭയുടെ അഭിപ്രായം രേഖപ്പെടുത്തിയതുകൊണ്ടുമാത്രം ഇതു കാര്യങ്ങൾ സാധിച്ചു കിട്ടുമെന്നെനിക്കു വിശ്വാസമില്ല. ഇതുവരെ ഇതുസംബന്ധിച്ചുണ്ടായിട്ടുള്ള സംഭവങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ലോകവിപണികളിലുള്ള വില നമുക്കു കിട്ടുന്നതിനു് വ്യവസ്ഥ ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു് അത്ര എളുപ്പമാണെന്നെനിക്കു തോന്നുന്നില്ല. അതിലേക്കു് ഇതിലും പ്രയാസമേറിയ പലതും നാം ചെയ്യേണ്ടിവരും. ഈ സംഗതികളെപ്പറ്റി പറയുമ്പോൾ ചില വസ്തുതകൾ ഈ സഭയുടെ മുമ്പിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീമാൻ തമ്പി പറഞ്ഞതുപോലെ ഈ തിരുവിതാംകൂർ കൊച്ചീ രാജ്യത്തു് ഏകദേശം പതിനാലുകോടി രൂപായോളം ഈ ഒരു കാര്യത്തിൽ ജനങ്ങൾ മുടക്കിയിട്ടുണ്ടു്. ഇവിടത്തെ റബ്ബർ ഉൽപ്പാദകരുടെ സംഖ്യ ഏകദേശം പതിനാലായിരത്തോളം വരും. ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഇവിടത്തെ തൊഴിലാളികളുടെസംഖ്യ ഒരു ലക്ഷത്തോളം വരുന്നുണ്ടു്. ഇന്നത്തെ ലോകവിപണികളിലുള്ളവില നമുക്കു കിട്ടുന്ന പക്ഷം ഇവിടെ ഉണ്ടാകുന്ന ആദായം ഏകദേശം നാലുകോടി രൂപായോളം വരും. ഈ വസ്തുതകളുടെ വെളിച്ചത്തിൽ വേണം നാം ഇതിനെപ്പറ്റി ചിന്തിക്കുവാൻ.

റബ്ബറിന്റെ വില കൂട്ടി കൊടുക്കേണ്ടതാണെന്നു കാണിച്ചു് ഇൻഡ്യയിലെ റബ്ബർ കൃഷിക്കാരുടേയും വ്യവസായികളുടേയും ഒരു കോൺഫറൻസു് ഡൽഹിയിൽവച്ചു കൂടുകയും അവർ ഒരു തീരുമാനം എടുക്കുകയും ചെയ്തു. ആ കോൺഫറൻസു് ഒരു മിനിസ്റ്റർ വിളിച്ചുകൂട്ടിയതാണെന്നും നാം മനസ്സിലാക്കണം. അങ്ങനെ വിളിച്ചുകൂട്ടിയ ഉൽപ്പാദകരുടെയും വ്യവസായികളുടേയും സംയുക്ത കോൺഫറൻസിൽവച്ചു് ഒരു റാത്തൽ റബ്ബറിനു് ഒരു രൂപാ കണക്കിനുള്ള വില കൊടുക്കേണ്ടതു് ന്യായമാണെന്നും തീരുമാനിക്കയുണ്ടായി. ഇതു് ഫെബ്രുവരി ആഗസ്റ്റുമാസത്തിലാണു്. ആഗസ്റ്റു് വ്യ-ം ഡൽ-ം തീയതികളിലായിരുന്ന ആ കോൺഫറൻസു് ഡൽഹിയിൽ വച്ചുനടന്നതു്. അങ്ങനെ ഒരു തീരുമാനം ആ കോൺഫറൻസിൽ വ്യവസായികളുടെ സമ്മതത്തോടുകൂടി ചെയ്തു എങ്കിലും എന്തുകൊണ്ടോ ഇൻഡ്യാ ഗവൺമെണ്ടു് അതു സ്വീകരിച്ചു് നടപ്പിലാക്കിയില്ല. ഇതിനും പുറമെ ഈ കാര്യങ്ങളെപ്പറ്റി പഠിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു് മദ്രാസു് ഗവൺമെണ്ടിൽനിന്നും നിയമിച്ച ശ്രീ. വിശ്വനാഥറെഡ്ഡിയുടെ റിപ്പോർട്ടിൽ അദ്ദേഹം പറഞ്ഞിട്ടുള്ളതു് ഇപ്പോൾ കൊടുക്കുന്ന വില ന്യായമായിട്ടുള്ളതല്ലെന്നും കൂടുതൽ വില കൊടുക്കേണ്ടതാണെന്നുമാണു്. നമ്മുടെ ചീഫ്സെക്രട്ടറി പ്രസിഡൻറായി ഈ റബ്ബർ കൃഷിക്കാരുടെ രക്ഷക്കായി ഒരു ബോർഡുണ്ടാക്കിയിട്ടുണ്ടു്. ആ ബോർഡു പലതവണയും കൂടി ഇതിനെപ്പറ്റി പര്യാലോചിക്കുകയും റാത്തലിനു് ഒരു രൂപാ കണക്കിനുള്ള വില കൊടുക്കേണ്ടതാണെന്ന തീരുമാനത്തിൽ എത്തുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെ പല തീരുമാനങ്ങളും പല നിവേദനങ്ങളും പല പ്രവർത്തനങ്ങളും നടത്തിയിട്ടും ഇന്നുവരെയും നമുക്കു് വില കൂട്ടിക്കിട്ടാൻ സാധിച്ചിട്ടില്ലെന്നുള്ളതു് ആലോചിക്കുമ്പോൾ നാം ഇവിടെ ഒരു പ്രമേയം അവതരിപ്പിച്ചു് വാദപ്രതിവാദം ചെയ്യുന്നതുകൊണ്ടു് ഈ കാര്യം സാധിക്കാൻ പോകുന്നോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഇത്രയും വസ്തുതകൾ സഭയുടെ മുമ്പിൽ വച്ചുകൊണ്ടു് മറ്റു ചില കാര്യങ്ങൾകൂടി പറയുവാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. തമ്പി പറയുകയുണ്ടായി ലോകവിപണിയിൽ ഫ ൦ ൦ റാത്തൽ റബ്ബറിനു് ന. ൦ ൦ രൂപാ വിലയുണ്ടെന്നു്. ശരാശരിയുള്ള വില ഫെബ്രുവരി ൦ മേയ് മുതൽ കണക്കാക്കിയാൽ ഒരിക്കലും ഫ ൦ ൦ രൂപായ്ക്കു് താഴെ പോയിട്ടില്ല. അങ്ങനെയൊരു വില നമ്മുടെ ഉല്പാദകർക്കു് നൽകുന്നപക്ഷം ഈ രാജ്യത്തിലേക്കു് നാലുകോടിയിൽ കൂടുതൽ ആദായം വരുമെങ്കിൽ എന്തുകൊണ്ടാണു് ഇൻഡ്യാഗവൺമെൻറു് അതിനു സമ്മതിക്കാത്തതെന്ന പ്രശ്നം ഉദിക്കുന്നു. ഇൻഡ്യാഗവൺമെണ്ടിനു ചില ന്യായങ്ങൾ പറയാനുണ്ടു്. പറയുന്നുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri. Cheriyan J. Kappan]

അതു് എത്രകണ്ടു് നമുക്കു ബോദ്ധ്യമാകുന്നു എന്നു് ഞാൻ പറയുന്നില്ല. ആ ന്യായങ്ങൾ ഇതാണു്. ഫൻ ർ ഴ-ൽ ആണു് ഇതു സംബന്ധിച്ചു ഒരു നയമുണ്ടായതു്. അതിനെത്തുടർന്നു് ഒരു ഇന്ത്യൻ റബ്ബർബോർഡും ഇവിടെ സ്ഥാപിച്ചു. ഫൻ ർ ഴ-ൽ ഉണ്ടായ ആ റബ്ബർ ബോർഡിന്റെ ശുപാർശ അനുസരിച്ചു് ക്രിപ്പ്സ്സ്റ്റ്രത്തിയ വില 'Cost plus profit basis"-ലാണു്. അതായതു് ഉല്പാദനച്ചെലവും ഒരു നേരിയ ലാഭവും കണക്കാക്കിയ ഒരു വിലയാണു് അന്നു നിശ്ചയിച്ചതു്. ഫൻ ⓐ ൦ മേയ് വരെയുള്ള ഏകദേശം നാലുകൊല്ലക്കാലത്തെ ലോകവിപണികളിലെ വില കണക്കാക്കിയാൽ നമുക്കു് ആ കാലത്തുണ്ടായിരുന്ന വില തീരെ കുറവായിരുന്നുവെന്നു പറയാൻ നിവൃത്തിയില്ല. നിശ്ചയിച്ചിരുന്ന വിലയെപ്പറ്റിയാണു് ഞാൻ പറയുന്നതു്, അല്ലാതെ ജനങ്ങൾക്കു് കിട്ടിയിരുന്ന വിലയെപ്പറ്റിയല്ല. നിശ്ചയിച്ചിരുന്ന വിലയിൽനിന്നു വളരെ കുറഞ്ഞ വിലയാണു് കൃഷിക്കാർക്കു ലഭിച്ചുകൊണ്ടിരുന്നതെന്നു പല റിപ്പോർട്ടുകളും കാണുന്നുണ്ടു്. വ്യ ൫ രൂപാ വില ക്രിപ്പ്സ്സ്റ്റ്രത്തിയിരുന്നപ്പോൾ പതിനഞ്ചു മുതൽ ൨൦ രൂപാവരെയാണു് സാധാരണ കൃഷിക്കാരനു് കിട്ടിയിരുന്നതു്. ആ നാലുകൊല്ലത്തേയ്ക്കു് വില ഏകദേശമായിട്ടു് കയറിയും ഇറങ്ങിയുമാണു് നിന്നിരുന്നതു്. ഇൻഡ്യാഗവൺമെണ്ടു് അതിനെ വച്ചുകൊണ്ടാണു് പറയുന്നതു്, "എന്തിനാണു് നിങ്ങൾ അന്നങ്ങനെ സമ്മതിച്ചതു് എന്നു്? ഉല്പാദനച്ചിലവും നേരിയ ലാഭവും എന്ന അടിസ്ഥാനത്തിലാണു് അന്നു് സമ്മതിച്ചതു്. ഇന്നു് ലോകവിപണികളിലുള്ള വില അനുസരിച്ചു കൊടുക്കാമെന്നുവച്ചാൽ അടുത്ത നിമിഷത്തിൽ ആ വില താഴെ പോകുകയില്ലെന്നു് നിങ്ങൾക്കെങ്ങനെ അറിയാം. അങ്ങനെ വരുന്നപക്ഷം ഈ ഭേദപ്പെടുത്തിയ വിലകൊണ്ടു് വരുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമായിരിക്കുമെന്നു ചിന്തിക്കണം. ഇന്നു് ലോകവിപണിയിലുള്ള വില റബ്ബറിനു് കൊടുക്കുന്നപക്ഷം തൊഴിലാളികൾ അതനുസരിച്ചുള്ള കൂലി ചോദിക്കും. റബ്ബറിനു് വില കുറയുമ്പോഴും അതേ കൂലിതന്നെ കിട്ടണമെന്നു തൊഴിലാളികൾ വാദിക്കും. അതു കൊടുക്കാൻ ഉല്പാദകക്കു് കഴിയാതെവരും. രണ്ടാമതായി ഇങ്ങനെ കൂട്ടിക്കൊടുക്കുന്ന വില റബ്ബർകൃഷി വർദ്ധിപ്പിക്കുന്നതിനു് ഉപയോഗിക്കുമെന്നു എന്തുറപ്പാണുള്ളതു്?' ഇങ്ങനെ ചില വാദമുഖങ്ങളാണു് ഇൻഡ്യാഗവൺമെണ്ടു് പുറപ്പെടുവിക്കുന്നതു്. ഇതിൽ ആദ്യമായി പറഞ്ഞ വാദത്തിനു് സമാധാനം പറയേണ്ടിയിരിക്കുന്നു. അതായതു് ഇന്നു വില നിശ്ചയിച്ചിട്ടുള്ളതു് ഉല്പാദനച്ചിലവും നേരിയ ലാഭവും എന്നുള്ള അടിസ്ഥാനത്തിലാണു്. ഇന്നു അതു് ഭേദപ്പെടുത്തി ലോകവിപണിയിലെ വില നൽകുന്നപക്ഷം തൊഴിലാളികൾ വലിയ കൂലി ആവശ്യപ്പെടും. അതിനുശേഷം ലോകവിപണിയിലെ വില താഴ്ന്നുപോകുന്നപക്ഷം എങ്ങനെയാണു് ഉല്പാദകർ അതേകൂലിതന്നെ തൊഴിലാളികൾക്കു് നൽകുന്നതെന്നു ചോദിച്ചേയ്ക്കാം.

ഇന്നു് സാധാരണ തോട്ടങ്ങളിൽപ്പോലും, അതായതു് രണ്ടേക്കറോ മൂന്നേക്കറോ മാത്രമുള്ള തോട്ടങ്ങളിൽപോലും ഒരാൾക്കു് ഒരു രൂപാ കൂലികൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. അങ്ങിനെയുള്ള തോട്ടങ്ങളിൽനിന്നും അങ്ങേഅറ്റം, അതായതു് സ്റ്റാട്ടു് ടാപ്പിംഗും മറ്റും കൊണ്ടു് വൃക്ഷങ്ങളെ നശിപ്പിക്കുന്ന രീതിയിൽ ലാറ്റക്സ് എടുത്താൽപോലും ഏക്കറിനു് ഇന്നത്തെ നിലയ്ക്കു കൂടിയാൽ രണ്ടുറാത്തൽ പച്ച റബ്ബർ (അല്ലെങ്കിൽ അങ്ങേഅറ്റം നാലു റാത്തൽ ആകട്ടെ) കിട്ടിയേക്കും. അതു് ഉണക്കി എടുക്കുമ്പോൾ ഏകദേശം പകുതി കിട്ടുമെന്നു വിചാരിക്കുക. ആ റബ്ബർ വിപണിക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ കൊണ്ടുപോയി വിറ്റാൽ ഈ ഉല്പാദകനു് കിട്ടുന്നതു് വെറും രണ്ടു രൂപ യാണു്. ഇതു് ഞാൻ പറയുന്നതു് സാധാരണ ചെറിയ തോട്ടങ്ങളെ സംബന്ധി ച്ചിടത്തോളമാണു്. വലിയ തോട്ടങ്ങളെപ്പറ്റിയല്ല പറയുന്നതു്. അവക്കു് ഇതിലും അധികമായി ഉല്പാദിപ്പിക്കുവാനുള്ള സൗകര്യങ്ങളും ഉണ്ടു്. അവർ വച്ചുപിടിപ്പിച്ചിരിക്കുന്നതു് മേൽത്തരം റബ്ബർ ആണു്. അവർ ശസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതുകൊണ്ടും മറ്റും ഉല്പാദനം വർദ്ധിപ്പിക്കാൻ കഴി യുന്നുണ്ടു്. എന്നാൽ സാധാരണക്കാരായ തോട്ടമുടമസ്ഥന്മാരുടെ സ്ഥിതിയെപ്പ റ്റിയാണു് ഞാൻ പറയുന്നതു്. എന്റെ നിയോജകമണ്ഡലത്തിലുള്ള ചെറിയ കഷ്ടകരായ തോട്ടക്കാരുടെ കാര്യമാണു് ഞാൻ പറയുന്നതു്. രണ്ടുറാത്തൽ റബ്ബർ ലഭിക്കുമെന്നു പറഞ്ഞാൽ, അതിൽനിന്നും എന്തു ലാഭം കിട്ടുമെന്നു നമുക്കു മനസ്സിലാക്കാവുന്നതാണു്. ഈ രണ്ടു റാത്തൽ റബ്ബർ വിപണിയിൽ ചെല്ലുമെങ്കിൽ അതിൽ ചേക്കുന്നതിലേക്കുള്ള ആസിഡിനു് ചിലവുണ്ടു്. ഉണങ്ങി വരുന്നതിനു് ചിലവുണ്ടു്, അതിൽ കുറവുണ്ടാകും, അതിനു് കൂലിച്ചിലവുമുണ്ടു്. ഇതെല്ലാം കഴിഞ്ഞു് മാർക്കറ്റിൽ കൊണ്ടുപോയാൽമാത്രമെ ഈ ഉല്പാദകനു് വിലകിട്ടുകയുള്ളൂ. അവനു് അതിലേയ്ക്കു് ശരിയായ ഫാക്ടറിയില്ല. അതിനു വേണ്ടതായ മറ്റു സജ്ജീകരണങ്ങളും ഇല്ല. ഇങ്ങനെയുള്ള വിഷമങ്ങളെല്ലാം സഹിച്ചാൽ അവനു് കിട്ടുന്ന വില ആറു റാത്തലിനു് ഒരു രൂപ മാത്രമാണു്.

ശ്രീ. സി. സി. പ്രസാദ്: ഈ 'ഉല്പാദകൻ' എന്നു പറയുന്നതു് മുതലാളി യാണോ തൊഴിലാളിയാണോ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞാൻ പറഞ്ഞതു് ഉല്പാദിപ്പിക്കുന്ന ആ ളിനെ സംബന്ധിച്ചാണു്. ഉല്പാദകൻ എന്നു പറഞ്ഞാൽ സാധാരണയായി അ ങ്ങിനെയാണു് മനസ്സിലാക്കുന്നതു്. ഇവിടെ ഈ റബ്ബർകൃഷി ഒരു നഷ്ടവ്യാ പാരമായിട്ടാണു്, സാധാരണക്കാരെ സംബന്ധിച്ചിടത്തോളം, ആയിത്തീർന്നി രിക്കുന്നതു്. വർദ്ധിച്ച വില തോട്ടമുടമസ്ഥന്മാർക്കു് കൊടുക്കുകയാണെങ്കിൽ അങ്ങിനെ വർദ്ധിച്ച വിലക്കനുസരണമായി കൂലിക്കാരായ തൊഴിലാളികളും കൂലി കൂടുതൽ ചോദിക്കും എന്നു പറയുന്നതിൽ വലിയ കഴമ്പൊന്നുമില്ല. ഇന്നും വർദ്ധിച്ച കൂലിതന്നെയാണവർക്കു കൊടുത്തുകൊണ്ടിരിക്കുന്നതു്. അതുകൊണ്ടു് ആ തടസ്സം പറയേണ്ട കാര്യമില്ല.

പിന്നെ മറ്റൊരുസംഗതി പറഞ്ഞിരിക്കുന്നതു ഇങ്ങിനെ വിലവർദ്ധിപ്പി ക്കുന്നപക്ഷം ആ സംഖ്യ ഈ കൃഷിവർദ്ധിപ്പിക്കുന്നതിനുവേണ്ടി ചിലവാക്കും എന്നുറപ്പുവേണമെന്നാണു്. അതും ഇതിന്റെ ചരിത്രം പരിശോധിച്ചാൽ മന സ്സിലാകുന്നതാണു്. തോട്ടങ്ങളിൽ ബോണസു് കൊടുത്തുകൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നു് തോട്ടങ്ങളിൽ ഉല്പാദനം വളരെ കൂടുതൽ ഉണ്ടായി രുന്നു എന്നു കാണുവാൻ കഴിയും. ബോണസു് കുറച്ചുപ്പോൾ റബ്ബർ ഉല്പാദനവും താഴോട്ടുപോന്നു. ഇങ്ങനെ വിലകൂട്ടിക്കൊടുക്കുന്നപക്ഷം അതു് റബ്ബർ ഉല്പാദ നത്തിനുതന്നെ ചിലവാക്കണമെന്നു ഉറപ്പു കൊടുക്കേണ്ട ആവശ്യമെന്താണു്?

ഇനി, ഈ റബ്ബർകൃഷിക്കാരുടെ രക്ഷക്കായിട്ടാണു് റബ്ബർബോർഡു് ഉണ്ടാ ക്കിയിരിക്കുന്നതെന്നു പറഞ്ഞു. അങ്ങനെ കർഷകരുടെ രക്ഷക്കുവേണ്ടി ഉണ്ടാ ക്കിയിരിക്കുന്ന റബ്ബർ ബോർഡു് കർഷകർക്കു് ഉപകാരപ്രദമായി പ്രവർത്തിക്കുന്നു ണ്ടോ എന്നാലോചിക്കണം. ആ സംഗതി ശ്രീ. ബാലകൃഷ്ണൻ തമ്പിതന്നെ ഇവി ടെ ചൂണ്ടിക്കാണിക്കയുണ്ടായി. സംരക്ഷണം എന്നു പറഞ്ഞാൽ, ആരെ സംര ക്ഷിക്കണമെന്നുദ്ദേശിക്കുന്നോ ആ ആളിനു പ്രയോജനം ലഭിക്കുന്നുണ്ടോ എന്നാ ണു് നാം നോക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

ஸ்ரீ. ஏ. சிதம்பரநாத நாடார்: சிறிய கிருஷிகர்களுக்கு ஒரு ஏக்கரில் இரண்டு ரூபாய்தான் கிடைக்கிறது என்று சொன்னீர்கள். அதே ஒரு ஏக்கரில் நெற் கிருஷி செய்தால் முன்பு ரப்பருக்குக் கிடைத்துக்கொண்டிருந்த ஆதாயம் கிடைக்காதா?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: നെൽകൃഷി ചെയ്യാലും മരച്ചീനികൃഷി ചെയ്യാലും, വഴതനയോ വെണ്ടയോ കൃഷിചെയ്യാലും ഇതിനേക്കാൾ ആദായമുണ്ടാകുന്നതാണ് എന്നനുഭവസ്ഥന്മാർക്കറിയാം.

ശ്രീ. തയ്യുള്ള കണ്ണിതൊമ്മൻ: ഇപ്പോൾ പല തോട്ടങ്ങളും വെട്ടി നശിപ്പിച്ചുവരുന്നതായി അറിയാമോ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: തോട്ടങ്ങൾ വെട്ടിനശിപ്പിക്കുക മാത്രമല്ല അവയിൽ വെള്ളം കെട്ടിനിറുത്തി മറ്റു കൃഷികൾ നടത്തിവരുന്നുമുണ്ട്.

Sahib Bahadur Abdul Razaak: Was the attention of the Government drawn to the deplorable condition of the rubber estates as is now depicted by the member? If the promoters of the grow more food campaign had known about that, ways and means could have been found out for it.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഈ റബ്ബർ ഭക്ഷണസാധനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടുത്തിയിട്ടില്ല എന്നു പറയേണ്ട ആവശ്യമില്ല.

Sahib Bahadur Abdul Razaak: My point is if such a situation had been made known, the officer of the Grow More Food Campaign would have devised ways and means of utilizing such estates.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: അദ്ദേഹത്തിന്റെ ഉപദേശം കൂടാതെതന്നെ റബ്ബർ തോട്ടങ്ങൾ വെട്ടിത്തെളിച്ചു കൃഷിചെയ്യുവരുന്നു.

ശ്രീ. തയ്യുള്ള കണ്ണിതൊമ്മൻ: യുദ്ധപരിതഃസ്ഥിതി ഉണ്ടാകുന്നപക്ഷം റബ്ബർ പുറത്തുനിന്നും വരുത്തേണ്ടിവരികയില്ലേ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: യുദ്ധപരിതഃസ്ഥിതി ഈ രാജ്യത്തു് ആവിർഭവിക്കാനുള്ള സാദ്ധ്യത ഉണ്ടാകരുതെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. അങ്ങിനെ ഒരവസ്ഥ വരാതിരിക്കാൻ നമുക്കു ശ്രമിക്കാം. അങ്ങിനെ ഉണ്ടാകുകയാണെങ്കിൽതന്നെ നമ്മുടെ രാജ്യത്തിന്റെ രക്ഷയ്ക്കും, നാം വളരെ ക്ലേശങ്ങൾ സഹിച്ചും സമ്പാദിച്ച സ്വാതന്ത്ര്യത്തിന്റെ രക്ഷയ്ക്കും, വളരെ പ്രധാനമായ ഒരു സാധനമാണ് റബ്ബർ. അതിന്റെ ഉല്പാദനത്തെ പ്രോത്സാഹിപ്പിക്കേണ്ടതു് രാജ്യത്തിന്റെ രക്ഷയ്ക്കും ഇന്നത്തെ പരിതഃസ്ഥിതിക്കും അത്യന്താപേക്ഷിതമാണ് എന്നു പറയാൻ ഞാൻ മടിക്കുന്നില്ല.

ശ്രീ. തയ്യുള്ള കണ്ണിതൊമ്മൻ: മലബാറിൽ ഒരേക്കറിനു് ൭൦൦ റാത്തൽ റബ്ബർ കിട്ടുമ്പോൾ ഇവിടെ ഏക്കറിനു് ൫൦൦ റാത്തലാണ് കിട്ടുന്നതെന്നറിയാമോ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞാൻ പറഞ്ഞതു് വലിയ തോട്ടങ്ങളെ സംബന്ധിച്ചല്ല. ചെറിയ കർഷകരായ തോട്ടക്കാരെ സംബന്ധിച്ചാണ്. അതായതു് റബ്ബറിന്റെ ഇടയിൽ തെങ്ങു്, പ്ലാവു് മുതലായവയുംകൂടി കൃഷിചെയ്യുന്ന കർഷകരുടെ കാര്യമാണ് ഞാൻ പറഞ്ഞതു്. അതുകൊണ്ടു് ഈ പരിതഃസ്ഥിതികളും എല്ലാം നാം കണക്കാക്കി പ്രവർത്തിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരുസംഗതി, ലോകവിപണികളിലുള്ള വില കൂടുതൽകൊണ്ടും ആ ക്കാണ പ്രയോജനമുണ്ടാകുന്നതു്? അതിൻെറ പ്രയോജനം യഥാർത്ഥത്തിൽ കി ട്ടുന്നതു് ഇന്ന പ്രത്യേകിച്ചു മൂന്ന വ്യവസായികർക്കാണു്. ആരാണി വ്യവസാ യികർ. ഒന്നു് ഫയർസ്റ്റൺ കമ്പനിക്കാരും മറെറാന്നു് ഡൺലപ്പുകമ്പനിക്കാ രും മൂന്നാമതു് ബാറാറാകമ്പനിക്കാരുമാണു്. ഈ മൂന്ന വ്യവസായികളും കൂടി ഈ റബ്ബർകൃഷിക്കാരോടു് മരു ദ്രോഹമാണു് ചെയ്യുന്നതെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. ഇവിടെ റബ്ബർ ഉല്പാദനം കുറയുകയാണെങ്കിൽ അവർ പുറത്തു നിന്നും റബ്ബർ വാങ്ങുന്നതിനു് പെർമിറു് വാങ്ങുന്നുണ്ടു്. അങ്ങിനെ അവർ റബ്ബർ കൊണ്ടുവരുന്നതു് ഇവിടെ റബ്ബർ ഉണ്ടാകുന്ന കാലത്താണു്. അങ്ങിനെ വരുമ്പോൾ റബ്ബർ ഈ രാജ്യത്തു് ഡമ്പുചെയ്യേണ്ടതായിവരുന്നു. തൻമൂലം കർഷകനു് കിട്ടുന്ന വില വളരെ കുറഞ്ഞുപോകുന്നു.

അതുമാത്രമല്ല നമ്മുടെ തിരുവിതാംകൂർ–കൊച്ചീസംസ്ഥാനത്തു കാർഷികാ ദായനികുതി, രണ്ടു് പായിൻറു് സെയിൽസ്ടാക്സു് മുതലായ നികുതികളും ഈ ഉല്പാദകൻെറ മേൽ ചുമത്തുന്നുണ്ടു്. ആദായനികുതികൊടുക്കാൻ നിവൃത്തിയി ല്ലാതെ പല കമ്പനികളും വൈൻറപ്പു് ചെയ്യേണ്ട ഘട്ടംവരെ എത്തിച്ചേരുവാൻ ഇടയായിട്ടുണ്ടു്. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ഇവിടെ ഒരു പ്രമേയം പാസാക്കിയതുകൊണ്ടുമാത്രം പോരാ, ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇതിൻെറ നേതൃത്വം വഹിച്ചു് പെട്ടെന്നു ഡൽഹിയിൽപോയി അധികാരികളെ കണ്ടു് ഇന്നത്തെ റബ്ബർ കൃഷിക്കാരുടെ വിഷമങ്ങളെപ്പററി ശക്തിയായി വാദിച്ചു കാര്യങ്ങൾ സാധിച്ചുകൊടുക്കണമെന്നാണു്. ഈ നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെണ്ടും സ്വീകരിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഈ പ്രമേയം ഞാൻ അനുകൂലിക്കുന്നു. ഈ പ്രമേയത്തിൻെറ പ്രത്യേകത പരിഗണിച്ചുകൊണ്ടു് ആണു് ഞാൻ ഇതിനെ അനുകൂലിക്കുന്നതു്. ഞാൻ ഒരു തൊഴിലാളി നേതാവല്ല. ഒരു മുത ലാളിയുമല്ല. ഏതെങ്കിലും പ്രസംഗിക്കാനുള്ള താല്പര്യംകൊണ്ടുമല്ല. ഈ പ്രശ്നം ഒരു പ്രാധാന്യമർഹിക്കുന്ന രാഷ്ട്രീയ പ്രശ്നമാണു്. അതുകൊണ്ടാണു് ഇതേ സംബന്ധിച്ചു് രണ്ടുവാക്കു പറയണമെന്നു് വിചാരിക്കുന്നതു്. ഇതൊരു സമുദാ യകാര്യവുമല്ല. ഇന്നത്തെ റബ്ബർ കർഷകരുടെ വിഷമതകളെ മനസ്സിലാക്കി അവരോടു് അനുഭാവം പ്രദർശിപ്പിക്കയാണു് ചെയ്യുന്നതു്. റബ്ബർ കൃഷിയുടെ മാന്ദ്യത്തെ സംബന്ധിച്ചു ശ്രീ. ബാലകൃഷ്ണൻ തമ്പി അവർകൾ വിപുലമായി വാ ദിച്ചുകഴിഞ്ഞു. അതു കഴിഞ്ഞു് റബ്ബർ കൃഷിയിലൂടെ പരിജ്ഞാനമുള്ള ഒരു മാ നുഷ്യസ്നേഹിതനും അതിൻെറ പ്രാധാന്യത്തെപ്പററി വിശദീകരിക്കയുണ്ടായി. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ലക്ഷത്തിൽപരം തൊഴിലാളികളുടേ യും അതിൽ ഏറവും ചെറിയ മുതലാളി സമൂഹത്തിൻേറയും പേരിൽ ഇന്നു് അറിയപ്പെട്ടുപോരുന്ന ഈ സംസ്ഥാനത്തെ റബ്ബർകൃഷിക്കാരെ പ്രോത്സാഹിപ്പി ക്കേണ്ടതു് ഗവൺമെണ്ടിൻെറ സവ്പ്രധാനമായ ചുമതലകളിൽ ഒന്നാണെന്നു് കേൾക്കാനിടയായി.

സർ, റബ്ബറിൻെറ വില കുറയുന്നതുകൊണ്ടു് സാധാരണക്കാരനു് എന്താണു് സങ്കടം എന്നു് പലർക്കും തോന്നിപ്പോകുന്നു. എനിക്കു തോന്നുന്ന അഭിപ്രായം റബ്ബർ മാത്രമല്ല മരച്ചീനിയും, വാഴയും മറെറ സാധനങ്ങളും വില കുറയാതെയിരി ക്കുവാനുള്ള നടപടി ഗവൺമെണ്ടു് യഥാവസരം കൈക്കൊള്ളേണ്ടതാണെന്നാണു്. റബ്ബർകൃഷിയുടെ വില ഇടിവിനുള്ള കാരണങ്ങളും പ്രമുഖന്മാരായിട്ടുള്ളവരുടെ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. T. Kesavan Sastri]

ചോദ്യങ്ങൾകൊണ്ടും ശ്രീ. ബാലകൃഷ്ണൻതമ്പിയുടെ പ്രസംഗങ്ങൾമൂലവും ഇവി ടെ പ്രകാശിപ്പിച്ചു കഴിഞ്ഞു. എന്റെ അറിവിൽ പെട്ടിടത്തോളം ചങ്ങനാ ശ്ശേരി മുതലായ സ്ഥലങ്ങളിൽ ചെറിയ ചെറിയ റബ്ബർ തോട്ടങ്ങൾ വൃക്ഷങ്ങൾ വെട്ടിക്കളഞ്ഞു മരച്ചീനിയും വാഴയും മറ്റും കൃഷിചെയ്യുന്നതായി ഞാൻ കണ്ടിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ റബ്ബർ കൃഷിയിൽനിന്നും കിട്ടുന്ന ആദായം വളരെ പരിമിതമാണെന്നും നിശ്ചയമായും തങ്ങളുടെ സ്വത്തിനു വലിയ ഹാനി സംഭവിക്കാൻ ഇടയുണ്ടെന്നുമാണ് അവർ പറയുന്നത്. ഈ അവസരത്തിൽ ശ്രീ. ബാലകൃഷ്ണൻതമ്പിഅവർകൾ നമ്മുടെഗവൺമെണ്ടിൽനിന്നും തദ്ദ്വാരഇൻഡ്യാ ഗവൺമെണ്ടിൽനിന്നും വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കേണ്ടതിനെ സംബന്ധിച്ച് വേണ്ടനിർദ്ദേശങ്ങൾ നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

സർ, ഈ കഴിഞ്ഞ ദിവസം ഞാൻ ശിവലോകത്തിലും വൈകുണ്ഠത്തിലും പോയിരുന്നു. ഈ ശിവലോകവും വൈകുണ്ഠവും രണ്ടു റബ്ബർ തോട്ടങ്ങളാണ്. അതു് അങ്ങയ്ക്കു് അറിയാമല്ലൊ. വളരെ അകലെ അല്ല. അടുത്തുതന്നെയാണ്. കുഴിത്തുറയിൽനിന്നും വളരെ അടുത്ത രണ്ടു സ്ഥലങ്ങളാണ്. തോട്ടം കൃഷിക്കാരുടെ അഭിപ്രായം അറിയാൻ ഞാൻ അവിടെ പോയതല്ല. സന്ദർഭവശാൽ അവരുടെ അഭിപ്രായങ്ങൾ ഞാൻ അറിഞ്ഞതേയുള്ളൂ. അവർ അഭിപ്രായപ്പെട്ടതു് റബ്ബർ കൃഷി വളരെ അധഃപതിച്ചിരിക്കുന്നു എന്നാണ്.

റബ്ബർ കൃഷിക്കാർക്കു് ഗവൺമെണ്ടു് യാതൊരു പ്രോത്സാഹനവും കൊടുക്കുന്നില്ലെന്നു അവർ പരാതിപ്പെട്ടു. 'ഇതാണോ ജനകീയം, എന്നുപോലും അവർ ചോദിച്ചു. ജനങ്ങളുടെ സങ്കടങ്ങൾ അറിഞ്ഞു അവക്കു പരിഹാരമുണ്ടാക്കുകയാണല്ലൊ ജനകീയ ഗവൺമെണ്ടിന്റെ കർത്തവ്യം. ഞാൻ അവരോടു് പറഞ്ഞു. ഇന്നത്തെ ഗവൺമെണ്ടു നിഷ്പക്ഷബുദ്ധ്യാ പലതും ചെയ്യുന്നുണ്ടു്, അവരുടെ കാര്യം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ നിശ്ചയമായും അവർ ഗാഢമായി ആലോചിച്ചു അതിനു വേണ്ട പരിഹാരമുണ്ടാക്കിത്തരാതിരിക്കയില്ല എന്നു്. എങ്ങനെയെങ്കിലും അവരെ സമാധാനിപ്പിച്ചു് രക്ഷപ്പെടണമല്ലോ. നിയമസഭാ മെമ്പറായിപോയില്ലേ. പല വിധത്തിലും തിരുവിതാംകൂർ കൊച്ചി സംസ്ഥാനം ഇന്നു് ഇൻഡ്യയുടെ മുന്നണിയിൽ നിൽക്കുകയാണു്. ഇവിടെത്തെ കൃഷിവ്യവസായങ്ങളുടെ അഭിവൃദ്ധിക്കുവേണ്ട സംരക്ഷണം നൽകാൻ ഇൻഡ്യാ ഗവൺമെണ്ടിനു് കടമയുണ്ടെന്നു് ചൂണ്ടിക്കാണിക്കേണ്ടതു് ഈ ഗവൺമെണ്ടിന്റെ മുമതലയാണു്. എന്നെപ്പോലെ റബ്ബർകൃഷി ഇല്ലാത്തവനും, എന്നെപ്പോലെ മുതലാളിത്വമില്ലാത്തവനുമായ ഒരാൾ അഭിപ്രായം പറഞ്ഞാൽ അതിനു ഇന്നത്തെ ഗവൺമെണ്ടു് പ്രത്യേകം വില കല്പിക്കാതിരിക്കയില്ലെന്നു എനിക്കറിയാം. അതുകൊണ്ടു് ഞാൻ ഇതിൽ ഒരു കക്ഷിയിലും പെട്ടവനല്ലെങ്കിലും സന്ദർഭവശാൽ അറിയാനിടയായ കാര്യങ്ങളാണു് ഇവിടെ പറയുന്നതു്.

ഇവിടെ വളരെ പ്രാധാന്യം അർഹിക്കുന്നതായ പല നിയമങ്ങളും പ്രമേയങ്ങളും പഠിച്ചാലോചനയ്ക്കുവന്നു. അപ്പോഴെല്ലാം ഗവൺമെണ്ടിന്റെ നേരെ ഒരു "പഞ്ചവടി ന്യായേന"യാണു് ഈ സഭ നിയന്ത്രിച്ചുകൊണ്ടുപോയിട്ടുള്ളതു്: പഞ്ചവടിന്യായമെന്നു പറഞ്ഞാൽ അഞ്ചു വടങ്ങളിട്ടു പിടിച്ചുകൊണ്ടു പോകുന്നതുപോലെ എന്നാണു് അർത്ഥം. കോൺഗ്രസ്സു് പാർട്ടി, തമിഴ് കോൺഗ്രസ്സു് പാർട്ടി, ഡമോക്രാറ്റിക്കു് കോൺഗ്രസ്സു് പാർട്ടി, ഇൻഡ്യൻ സോഷ്യലിസ്റ്റു് പാർട്ടി, സ്വതന്ത്രപാർട്ടി ഈ അഞ്ചു പാർട്ടികളും അഞ്ചു വടങ്ങളുണെന്നാണു് ഞാൻ പറയുന്നതു്. അതുപോലെ തന്നെ ഈ മാതിരി കാര്യങ്ങൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ യഥാവിധി കൊണ്ടുവന്നു

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടിനെക്കൊണ്ടുവേണ്ടതു ചെയ്യിക്കുന്നതിനുള്ള പ്രേരണ ചെലത്താൻ ബഹുമാനപ്പെട്ട സ്പീക്കർക്കും ഇന്നു് സപ്ലിമെന്ററിയും അധികാരം ഉണ്ടെന്നാണു് എന്റെ വിശ്വാസം. എന്തെന്നാൽ ഇന്നത്തെ ഗവമ്മെണ്ടു് ഒരു ജനായത്ത ഗവമ്മെണ്ടാണല്ലോ.

മിസ്റ്റർ സ്പീക്കർ: റബ്ബർ കൃഷിയെപ്പറ്റിയാണൊ സംസാരിക്കുന്നതു്?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സന്ദർഭവശാൽ അറിഞ്ഞ കാര്യംകൂടി പറഞ്ഞുപോവുകയാണു്. റബ്ബർ തോട്ടങ്ങളുള്ളതുപോലെതന്നെ നമുക്കു് റബ്ബർ ഫാക്ടറികളുമുണ്ടു്. നമ്മുടെ റബ്ബർ ഉൽപ്പന്നങ്ങൾ അമേരിക്കയിലേയും മറ്റും ജനങ്ങളെ ആനന്ദതുന്ദിലരാക്കിത്തീർത്തുവെന്നാണു് അറിയുന്നതു്. ഞാൻ അമേരിക്കൻപത്രങ്ങൾ വായിക്കുന്നവനല്ലെങ്കിലും ഈ കാര്യം മറ്റു വിധത്തിൽ എനിക്കു് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. അങ്ങനെയുള്ള നമ്മുടെ റബ്ബർകൃഷിയും റബ്ബർ വ്യവസായവും അധഃപതിച്ചുപോകാൻ ഇടയാകുന്നതു് വളരെ ദയനീയമാണു്. ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഈ പ്രശ്നം ഒരു അടിയന്തിരപ്രമേയമായി ഇവിടെ അവതരിപ്പിച്ച കാര്യകാര്യവിചക്ഷണനായ ശ്രീ. ബാലകൃഷ്ണൻതമ്പി അവർകളെ ഞാൻ ഹാർദ്ദമായി അനുമോദിക്കുകയും ഈ പ്രമേയത്തെ ശക്തിയായി അനുകൂലിക്കുകയും ചെയ്യുന്നു.

ശ്രീ വി. ഗംഗാധരൻനായർ: സർ, എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. ബാലകൃഷ്ണൻതമ്പി അവർകളും സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. അദ്ദേഹം സാധാരണയായി ഗൗരവമുള്ള കാര്യങ്ങളും സഭയിൽ കൊണ്ടുവരിക പതിവില്ല. അതിനു വിരുദ്ധമായിട്ടാണു് ഇന്നു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നം അദ്ദേഹം ഇവിടെ ഉന്നയിച്ചിരിക്കുന്നതു്.

Sri. P. Balakrishnan Tampi: I rise to a point of order. I do not feel hurt by the reference made by the hon'ble Member. I understand the back ground of the remark. I have no quarrel with people who cannot understand me. But this manner of making remarks that one is not usually serious, I object.

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഗൗരവമുള്ളതെന്നു വിചാരിക്കുന്ന സംഗതികൾ എല്ലാവർക്കും ഗൗരവമുള്ളതായി തോന്നണമെന്നില്ല. ഓരോരുത്തരുടേയും കാഴ്ച്ചവിവരവും മനസ്ഥിതിയും സംസ്കാരവും അനുസരിച്ചു ഗൗരവത്തിനു അവരവർ നൽകുന്ന അർത്ഥവും ഭിന്നമായിരിക്കുക സാധാരണമാണു്. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പറുടെ പ്രസ്താവനയിൽ ആക്ഷേപസൂചകമായ എന്തെങ്കിലും അനുചിതം ഉണ്ടെന്നു ഞാൻ കരുതുന്നില്ല.

Sri. V. Gangadharan Nair: I did not intend to show any disrespect toward Sri. Tampi.

ഈ രാജ്യത്തെ വലിയ പണക്കാരുടെ പ്രേരണയിൽ കൊണ്ടുവന്നിട്ടുള്ള ഒരു പ്രമേയമാണിതു് എന്നും പറയാതിരിക്കാൻ നിവൃത്തിയില്ല. എതായാലും അദ്ദേഹം കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ അനുകൂലിക്കാൻ എനിക്കു വളരെ സന്തോഷമുണ്ടു്.

ശ്രീ. കെ. എം. ചാണ്ടി: പ്രമേയം കൊണ്ടുവന്നതു് പണക്കാരുടെ പ്രേരണയിലാണെന്നു പറയുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പിൻതാങ്ങുന്നതും പണക്കാരുടെ പ്രേരണയിലാണോ?

ശ്രീ. വി. ഗംഗാധരൻനായർ: പണക്കാരുടെ സ്വാധീനം എനിക്കും കുറച്ചുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

Sri. P. Balakrishnan Tampi: I want ro make a personal explanation. It is true, I am representing not loafers, I am speaking for moneyed people. It is true.

ശ്രീ. വി. ഗംഗാധരൻനായർ: ശ്രീ. തമ്പി അതൊരു ആഭരണമായിത്തന്നെ കരുതിയിരിക്കുകയാണു്. അതു് അദ്ദേഹം തന്നെ സമ്മതിക്കുമ്പോൾ അതിനെ ചോദ്യം ചെയ്യേണ്ട കാര്യമില്ല.

ഈ രാജ്യത്തുള്ള ഉല്പന്നങ്ങൾക്കെല്ലാം കഴിവുള്ളിടത്തോളം നല്ല വിലകിട്ടേണ്ടതു് ഈ രാജ്യത്തിന്റെ പൊതുവായ താല്പര്യമാണെന്നു തന്നെ ഞാനും കരുതുന്നു. എന്നാൽ ഈ കൂടുതൽ വില നമ്മുടെ ഉല്പന്നങ്ങൾക്കു വേണമെന്നു പറയുമ്പോൾ ശ്രീ. ബാലകൃഷ്ണൻതമ്പിയും, ശ്രീ. കാപ്പനും അതുപോലെ അവരുടെ പാർട്ടിയിൽപെട്ട മറ്റു പലരും പറഞ്ഞതുപോലെ അതു് ഉൽപ്പാദകന്മാരുടെ, അല്ലെങ്കിൽ ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥാവകാശം മുഴുവൻ കൈയ്യടക്കിവച്ചിരിക്കുന്ന ഏതാനും മുതലാളിമാരുടെ ലാഭം വർദ്ധിപ്പിക്കാൻവേണ്ടിയായിരിക്കരുതു്, നേരെമറിച്ചു യഥാർത്ഥ ഉല്പാദകന്മാരായ തൊഴിലാളികളുടെ ജീവിതത്തൊതുയർത്തുന്നതിനും അവരുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടിയായിരക്കണം എന്നാണു് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളു്. ഇവിടെ തോട്ടക്കാരുടെ കാര്യത്തെപ്പറ്റി വളരെയെല്ലാം പ്രതിപാദിച്ചുകഴിഞ്ഞു. ആ തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ നില ഏറ്റവും ദയനീയമാണെന്ന കാര്യം അറിയാവുന്നതാണു്. ആ വസ്തുതയെപ്പറ്റി ഒന്നു ചിന്തിക്കാൻപോലും തയ്യാറില്ലാതെ റബ്ബറിന്റെ വില കൂട്ടണമെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ലെന്നാണു് എനിക്കു തോന്നുന്നതു്. എന്റെ സ്നേഹിതൻ ശ്രീ. ടി. ടി. കേശവൻശാസ്ത്രി പറഞ്ഞതുപോലെ ഞാനും ഈ അടുത്തകാലത്തു ശിവലോകത്തും വൈകുണ്ഠത്തും എല്ലാം ഒന്നുപോയി. അവിടെ തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സ്ഥിതി വളരെ പരിതാപകരമാണെന്ന കാര്യം നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞു. ജോലിസ്ഥിരതയൊ ന്യായമായ കൂലിയൊ അവരിൽ ബഹുഭൂരിഭാഗത്തിനും കിട്ടുന്നതായി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവരുടെ അവശതകൾ കുന്നുകൂന്നായിട്ടാണു് അവർ ഞങ്ങളുടെ മുമ്പിൽ കൂട്ടിയതു്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: അവിടത്തെ തൊഴിലാളികൾക്കു് എന്തു കൂലി കൊടുക്കുന്നുണ്ടെന്നു പറയാമോ?

ശ്രീ. വി. ഗംഗാധരൻനായർ: മാസം ൩൦ രൂപപോലും കൂലികിട്ടാത്ത തൊഴിലാളികൾ അവിടങ്ങളിൽ ധാരാളമുണ്ടു്.

ശ്രീ. ചെറിയൻ ജെ. കാപ്പൻ: റബ്ബറിനു വിലകൂട്ടിയതുകൊണ്ടു് തൊഴിലാളികൾക്കു് യാതൊരു നഷ്ടവും ഉണ്ടാവുകയില്ലല്ലോ?

ശ്രീ. വി. ഗംഗാധരൻനായർ: വിലകൂടുതൽ മുഴുവൻ മുതലാളിമാർ ലാഭമാക്കി സ്വന്തമാക്കിശവിപ്പിക്കാൻ നോക്കുകയില്ലെങ്കിൽ തൊഴിലാളിക്കു് യാതൊരു നഷ്ടവും ഉണ്ടാവുകയില്ല. ലാഭക്കൊതി മുതലാളിക്കു് കുറഞ്ഞതോതിൽ തൊഴിലാളിക്കു് കൂലികൂടുകയും.

ശ്രീ. കെ. എം. ചാണ്ടി: ഉൽപ്പാദകനു് കൂടുതൽകിട്ടാതെ തൊഴിലാളികൾക്കു് കൂടുതൽ കൂലി ആവശ്യപ്പെടാൻ ന്യായമുണ്ടോ?

ശ്രീ. വി. ഗംഗാധരൻനായർ: അതുകൊണ്ടുതന്നെയാണു് ഉൽപ്പന്നങ്ങൾക്കു് വിലകൂടുതൽ കിട്ടണമെന്നു് ഞാനും വാദിക്കുന്നതു്. അതുകൊണ്ടാണു്

LIBRARY ARCHIVES Kerala Legislative Assembly

റബ്ബറിനു കിട്ടേണ്ട ന്യായമായ വിലവാങ്ങേണ്ടതു രാജ്യത്തിന്റെ പൊതുവായ താല്പര്യമാണെന്നും ഞാൻ പറയുന്നതു്.

സർ, ഇന്നു് ഇൻഡ്യയിൽ കർഷികോൽപ്പന്നങ്ങളുടെ വില നിവൃത്തിയുള്ളിടത്തോളം താഴ്ന്നനിരക്കിൽ നിലനിത്തിക്കൊണ്ടുപോകാൻ കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും മുതലാളിഗവണ്മെൻറുകൾ പരിശ്രമിച്ചുകൊണ്ടിരിക്കയാണു്. വ്യാവസായികോൽപ്പന്നങ്ങളുടെ വില എത്രത്തോളം വർദ്ധിപ്പിക്കാമോ അത്രത്തോളം വർദ്ധിപ്പിക്കാനും അവർ ശ്രമിക്കുന്നുണ്ടു്. വൻപിച്ച വ്യവസായികളുടെ താൽപ്പര്യങ്ങളെ മുൻനിർത്തി നടക്കുന്ന ഒരു പ്രയോഗമാണിതു്. ഈ പ്രയോഗത്തെ സർവശക്തിയുമുപയോഗിച്ചു് ചെറുക്കേണ്ടതു് ഈ രാജ്യത്തെ ബഹുഭൂരിപക്ഷംവരുന്ന കൃഷിക്കാരുടെ ആവശ്യമാണു്. റബ്ബറിനും മറ്റു കാർഷികോൽപ്പന്നങ്ങൾക്കും കിട്ടാവുന്ന പരമാവധിവില വാങ്ങുന്നതിനുള്ള എല്ലാനടപടികളും ഫലപ്രദമായി എടുക്കുന്നതിനു് ഈ ഗവണ്മെൻറു മുമ്പോട്ടുവരണമെന്ന അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു.

Sry. Annie Mascarene: Sir, it is high time that this Government and the members of this assembly took it seriously to control the economic policy which the Central Government is adopting vis-a-vis this Government. Of course, from a national point of view, stabilisation of price is necessary to keep in tune with the world markets. But that does not mean that the part states who are members of the Union should have to pay a heavy price for their nationalisation and a heavier price for their partnership in the Union (*hear, hear*). A time there was, Sir, when the Centre thought of dumping in Ceylon copra into this State and doing injustice to the coconut growers in the State. Happily the representatives of this State there were in time to put in their protest, meet the State Minister argue with the Industrial Minister and then bring him round to alter the policy to suit the economic conditions of this State and thereby save the State. The influence which our Cabinet members have over the economic policy at the Centre is not so great as the influence which the members of the Central Legislature representing the State have —I am speaking subject to correction. If the members of the Central Legislature will deem it their duty, it is now the time for them to put in a protest before the Central Government about this injustice done to our State.

Viewed from a national standpoint, stabilisation of prices is in tune with a uniform economic policy. But it is seldom in tune with the different conditions prevailing in the part States. We are a deficit area in respect of agricultural products, but not a deficit area for commercial products. The wealth of our country is the wealth that proceeds from the commercial products of the State. We are dependent on the Centre, it is true, for food, but the rest of the world is dependent on us for the commercial products, rubber, coconut, tea and pepper. Should we not protect our interests there? If the Centre is going to follow a uniform policy in regard to this matter, is the Centre prepared to meet the expenses of our administration. I am asking the Ministers to open their eyes to the situation. If anything happens to this State, the responsibility is theirs and the members' whom they have sent to the Centre. Nations have controlled their economic policy. They have altered their economic policy to suit the times. When the British Government found that protection of certain industries was necessary, they very prudently put forth the theory of laissez faire and protected the producers, those who were concerned with exchange and distribution of goods. As far as we are concerned, we will be satisfied if the Centre will now apply this policy of laissez faire in regard to these products. These are economic theories which should be

LIBRARY ARCHIVES Kerala Legislative Assembly

[Sry. Annie Mascarene]

